➪ *അതുകൊണ്ടുതന്നെ സാധാരണക്കാർ ആശങ്കപ്പെടുന്നതിൽ തെറ്റുപറയാനികില്ല* ➪

ഗാഡ്ഗിൽ- കസ്തൂരിരംഗൻ റിപ്പോർട്ടുകളെ തുടർന്ന് ചർച്ചകളിൽ സജീവമായ വിഷയമാണ് കേരള ഫോറസ്റ്റ് വെസ്റ്റിങ്ങ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജയിൽ ലാന്റ് ആക്ട്- 2003 (ഇ.എഫ്.എൽ ആക്ട്). പരിസ്ഥിതി ദുർബല പ്രദേശങ്ങൾ നഷ്ടപരിഹാരം നൽകാതെ ഏറ്റെടുക്കാൻ വ്യവസ്ഥയുള്ള ഈ നിയമം നിരവധി ചെറുകിട കർഷകരെ ബാധിച്ചിട്ടുണ്ട് എന്നതും ഗാഡ്ഗിൽ- കസ്തൂരിരംഗൻ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് കാരണമായിട്ടുണ്ട്.

**ഇ.എഫ്.എൽ നിയമത്തെക്കുറിച്ചുള്ള കേരളീയം ചർച്ച തുടരുന്നു...**

# പരിസ്ഥിതി ദുർബല പ്രദേശത്ത് ഭൂമി കൈമാറ്റത്തിന് തടസ്സമില്ല

പരിസ്ഥിതി ദുർബല മേഖലയായി കണ്ടെത്തിയിട്ടുള്ള പ്രദേശത്ത് ഭൂമി വിൽക്കാൻ കഴിയുന്നില്ല എന്നതാണ് ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകളെത്തുടർന്ന് വ്യാപകമായി കേൾക്കുന്ന പരാതി. എന്നാൽ ഇ.എഫ്.എൽ നിയമത്തിലാണ് അത്തരത്തിലുള്ള തടസ്സം നിലനിൽക്കുന്നത്. ഗാഡ്ഗിൽ–കസ്തൂരി റിപ്പോർട്ടുകൾ ഭൂമി കൈമാറ്റം വിലക്കിയിട്ടില്ല.

**അഡ്വ. ജോർജ്ജുകുട്ടി കടപ്ലാക്കൽ**

ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ ജനങ്ങൾ ഏറ്റവും കൂടുതൽ ആശങ്കപ്പെടുന്നത് 'വസ്തുവിൽക്കാൻ' സാധിക്കുകയില്ല എന്നതിലാണ്. പാരിസ്ഥിതിക ലോലമേഖലയിൽ വസ്തുവിൽക്കാൻ സാധിക്കുകയില്ലെന്നും വസ്തുവിന് കരം സ്വീകരിക്കുകയില്ലെന്നും ബാങ്ക്ലോൺ ലഭിക്കുകയില്ലെന്നും വളരെ വ്യാപകമായി പ്രചരണം നടക്കുന്നുണ്ട്. വിൽപ്പന ഉടമ്പടിയുണ്ടാക്കിയ കച്ചവടങ്ങളെല്ലാം പലരും ഉപേക്ഷിച്ചമട്ടാണ്. ചില രജിസ്ട്രാർമാർ 'പരിസ്ഥിതി ദുർബല' മേഖലയിലെ വസ്തു ആധാരം ചെയ്യാൻ വിസമ്മതിച്ചതായും പരാതിയുണ്ട്. ആധാരങ്ങളിൽ, 'വിൽക്കുന്ന ഭൂമി പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ഉൾപ്പെട്ടുവരുന്നതല്ല' എന്നെഴുതുന്നത് എന്തിനാണെന്ന് ജനങ്ങൾ ചോദിക്കുന്നു. അപ്രകാരം രേഖപ്പെടുത്തുന്നതിന് കാരണമായി, പാരിസ്ഥിതി ദുർബല പ്രദേശത്തുള്ള വസ്തുക്കൾ വിൽക്കാൻ പാടില്ല എന്നാണ് മറുപടി പറയുന്നത്. അതുകൊണ്ടുതന്നെ സാധാരണക്കാർ ആശങ്കപ്പെടുന്നതിൽ തെറ്റുപറയാനികില്ല. പക്ഷെ ഏതെങ്കിലും നിയമം പാരിസ്ഥിതിക ദുർബല പ്രദേശത്തെ വസ്തുകൈമാറ്റം നിരോധിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്.

ഏതാണ്ട് 2009 മുതലാണ് ആധാരങ്ങളിൽ കൈമാറ്റംചെയ്യുന്ന ഭൂമി 'പാരിസ്ഥിതിക ദുർബല പ്രദേശങ്ങളിൽ ഉൾപ്പെട്ടുവരുന്നതല്ല' എന്ന് എഴുതി തുടങ്ങിയത് അഥവാ അപ്രകാരം നിർദ്ദേശം ഉണ്ടായത്. വസ്തു കൈമാറ്റം തടയുന്ന പ്രത്യേക നിയമങ്ങളുള്ളതിനാലാണ് കൈമാറ്റം ചെയ്യുന്ന വസ്തു പുറമ്പോക്കിലോ, നിഷിപ്ത വനഭൂമിയിലോ, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പതിച്ചുപട്ടയംകൊടുത്ത വസ്തുവിലോ ഉൾപ്പെടുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നത്. പരിസ്ഥിതി സംരക്ഷണ നിയമത്തിലോ ചട്ടങ്ങളിലോ പാരിസ്ഥിതിക ദുർബല പ്രദേശത്തെ ഭൂമികൈമാറ്റം നിരോധിച്ചിട്ടില്ല.

ഇന്ത്യയെമ്പാടും പ്രാബല്യത്തിലുള്ള 1986ലെ പരിസ്ഥിതി സംരക്ഷണ നിയമം 3–ാം വകുപ്പിൽ "പരിസ്ഥിതി സംരക്ഷിക്കുകയും അതിന്റെ ഗുണം മെച്ചപ്പെടുത്തുകയും പരിസ്ഥിതി മലിനീകരണം നിരോധിക്കുകയും നിയന്ത്രിക്കുകയും പരിഹരിക്കുകയും ചെയ്യാൻ ആവശ്യവും യുക്തവുമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ കേന്ദ്രഗവൺമെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്" എന്ന് വ്യവസ്ഥയുണ്ട്. ഈ നിയമം

*⇨ അത്തരത്തിലുള്ള ശുപാർശകളൊന്നും ഗാഡ്ഗിലോ കസ്തൂരി രംഗനോ നൽകിയിട്ടുമില്ല ⇨*




ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളെ തുടർന്ന് വന്ന പത്രപരസ്യം

6ഉം 25ഉം വകുപ്പുകളിൽ കേന്ദ്രഗവൺമെന്റിന് ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരമുണ്ട്. അതിന്റെ അടിസ്ഥാനത്തിലുണ്ടാക്കിയിരിക്കുന്ന പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളിൽ ലോലപ്രദേശം (sensitive area) എന്താണെന്ന് വിവരിച്ചിട്ടുണ്ട്. അതനുസരിച്ച്, മലിനീകരണതോത് അപകടകരമായ നിലയിലെത്തുകയോ എത്താൻ സാധ്യതയുള്ളതോ ആണെന്ന് കേന്ദ്ര സർക്കാറോ, കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങൾ എന്നാണ് പറഞ്ഞിട്ടുള്ളത്.

അതേസമയം കേരള ഗവൺമെന്റിന്റെ 2003-ലെ കേരള വനം (പരിസ്ഥിതി ദുർബല ഭൂമി ഏറ്റെടുക്കലും പരിപാലനവും) നിയമമനുസരിച്ചുള്ള (ഇ.എഫ്.എൽ നിയമം) പരിസ്ഥിതി ദുർബല ഭൂമി വിൽക്കാൻ സാധിക്കുകയില്ലെന്ന് മാത്രമല്ല സർക്കാർ ഏറ്റെടുക്കുകയും ഉടമസ്ഥൻ ഉടമസ്ഥനല്ലാതാകുകയും ചെയ്യും. ഈ നിയമമനുസരിച്ച് പരിസ്ഥിതി ദുർബല ഭൂമി (ecologically fragil land) യെന്ന് പറയുന്നത്, ഏതെങ്കിലും വനഭൂമിയോ അല്ലെങ്കിൽ ഏതെങ്കിലും നിക്ഷിപ്ത വനത്തിന്റെയോ, വനത്തിന്റെയോ തുടർച്ചയായതോ, നിക്ഷിപ്ത വനത്താലോ, വനത്താലോ ചുറ്റപ്പെട്ടു കിടക്കുന്നതും സ്വാഭാവികമായി വളരുന്ന സസ്യജാതികളോ ഉള്ളതോ ആയ ഭൂമിയാണ്. ഈ വ്യവസ്ഥയനുസരിച്ച് ഗവൺമെന്റ് പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കുന്ന ഏതൊരു ഭൂമിയും പാരിസ്ഥിതി ദുർബല പ്രദേശമായി മാറും. അതോടെ ഈ വസ്തു ഗവൺമെന്റിന്റേതാകുകയും വിൽക്കാൻ സാദ്ധ്യമല്ലാതായിത്തീരുകയും ചെയ്യും. ഈ നിയമമനുസരിച്ച് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ചെയർമാനായി ഒരു ഉപദേശക സമിതിയുണ്ട്. ഉപദേശക സമിതിയുടെ ശുപാർശ സ്വീകരിച്ച്, സർക്കാരിന് ഏത് സ്ഥലം വേണമെങ്കിലും പരിസ്ഥിതി ദുർബല പ്രദേശമാണെന്ന് ഈ നിയമത്തിലെ നാലാം വകുപ്പനുസരിച്ച് പ്രഖ്യാപിക്കാം. അപ്രകാരം പ്രഖ്യാപിക്കുന്നതോടെ ഉടമസ്ഥന്റെ ഭൂമിയിലുള്ള അവകാശം ഇല്ലാതാകുകയും വസ്തു റിസർവ് ഫോറസ്റ്റ് എന്നതുപോലെ പരിഗണിക്കപ്പെടുകയും ചെയ്യും. ഈ സാഹചര്യത്തിലാണ് 'വസ്തു പാരിസ്ഥിതിക ദുർബല ഭൂമി'യിൽ ഉൾപ്പെട്ടതല്ല എന്ന് ആധാരങ്ങളിൽ പ്രഖ്യാപിക്കുന്നത്.

എന്നാൽ ഗാഡ്ഗിലും കസ്തൂരിരംഗനും അവർ കണ്ടെത്തിയ പരിസ്ഥിതി ലോലപ്രദേശത്ത് നിയന്ത്രണങ്ങൾ ശുപാർശ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വിജ്ഞാപനത്തിൽ ഖനനം, പാറപൊട്ടിക്കൽ തുടങ്ങി പുതിയതായുള്ള കേസുകൾ പരിഗണിക്കേണ്ടതില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. വസ്തു കൈമാറ്റം ചെയ്യുന്നതിന് ഇത് തടസ്സമല്ല. അത്തരത്തിലുള്ള ശുപാർശകളൊന്നും ഗാഡ്ഗിലോ കസ്തൂരി രംഗനോ നൽകിയിട്ടുമില്ല. എന്നാൽ കേരള (പരിസ്ഥിതി ദുർബല പ്രദേശം ഏറ്റെടുക്കലും പരിപാലനവും) നിയമം വസ്തു കൈമാറ്റത്തിന് തടസ്സമുണ്ടാകാവുന്നതാണ്. വേറെ ഒരു നിയമത്തിലും ഉത്തരവുകളിലും പരിസ്ഥിതിലോല പ്രദേശം കൈമാറ്റം ചെയ്യുന്നത് വിലക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ആധാരം രജിസ്റ്റർ ചെയ്യുന്നത് തടയുവാൻ ആർക്കും അധികാരമില്ല. ആധാരങ്ങളിൽ 'പരിസ്ഥിതി ദുർബല പ്രദേശമല്ല' എന്നെഴുതുന്നത് ഒഴിവാക്കുന്നതിന് പകരം "കൈമാറ്റം ചെയ്യാൻ പാടില്ലാത്ത പാരിസ്ഥിതിക ദുർബല പ്രദേശത്ത് വസ്തു ഉൾപ്പെട്ടുവരുന്നില്ല" എന്ന് വിവരിച്ച് ആധാരം രജിസ്ട്രർ ചെയ്യുകയാണ് വേണ്ടത്. കേരള വനം (പരിസ്ഥിതി ദുർബല പ്രദേശം ഏറ്റെടുക്കലും പരിപാലിക്കലും) നിയമം 2003-ൽ വിവരിക്കുന്ന പരിസ്ഥിതി ദുർബല പ്രദേശവും ഗാഡ്ഗിൽ-കസ്തൂരിരംഗൻ നിർദ്ദേശിച്ചിരിക്കുന്ന പരിസ്ഥിതിലോല പ്രദേശവും ഒന്നല്ല.

ഗാഡ്ഗിൽ-കസ്തൂരിരംഗൻ ശുപാർശകളെക്കാൾ അപകടകരമാണ് 2003-ലെ പരിസ്ഥിതി ദുർബല പ്രദേശം ഏറ്റെടുക്കൽ നിയമം. ഗാഡ്ഗിൽ കസ്തൂരിരംഗൻ വിരുദ്ധ സമരക്കാർ എതിർക്കേണ്ടത് ഈ നിയമത്തെയല്ലേ? അല്ലാതെ ഗാഡ്ഗില്ലിനെയോ കസ്തൂരിരംഗനെയോ പ്രതിക്കൂട്ടിൽ നിർത്തിയിട്ട് കാര്യമില്ല. പശ്ചിമഘട്ട സംരക്ഷണത്തിനുള്ള ശുപാർശകൾ നടപ്പിലാക്കുമ്പോൾ 'ഇഎഫ്എൽ' നിയമത്തിലെ 4-ാം വകുപ്പ് ശുപാർശകൾ നടപ്പിലാക്കുന്ന പ്രദേശത്ത് ബാധകമല്ലെന്ന് വ്യവസ്ഥ ചെയ്യുകയാണ് വേണ്ടത്. ■